"എല്ലാം ഓക്കേ അല്ലേ?"
"അതേ ഡോക്ടർ"
"ഹൌ ആർ യു ഡിയർ?, പേടിക്കേണ്ട, ഇത്തിരി സമയം എടുക്കുമെങ്കിലും പേടിക്കാൻ ഒന്നുമില്ല, നല്ല ധൈര്യത്തോടെ കിടന്നോളൂ... സന്ദുവിന്റെയും സിന്ദഗിയുടെയും ഒപ്പം ഇനിയും എത്രയോ കാലം ഉണ്ടാകേണ്ടതാണ്, പ്രാർത്ഥിച്ചോളൂ.."

ആസ്റ്റർ മെഡിസിറ്റിയിലെ ശീതീകരിച്ച ഓപ്പറേഷൻ തീയേറ്ററിലെ വർണക്കാഴ്ചകൾ മറ്റൊരിക്കൽ ആയിരുന്നെങ്കിൽ നന്നായി ആസ്വദിക്കാമായിരുന്നു.
എവിടെയോ ചെറിയ അനക്കങ്ങൾ, ശരീരത്തിൽ ചെറിയ വേദന ഉണ്ടാക്കുന്ന സ്പർശങ്ങൾ, ആരോ മയക്കത്തിലേക്ക് കൂട്ടികൊണ്ട് പോകും പോലെ... വർണമേഘങ്ങൾക്കിടയിലൂടെ ഒഴുകി നടക്കും പോലെ... ചുറ്റും മേഘങ്ങളാണ്.. പല നിറത്തിൽ.. അവ മുഖത്തും ഉടലിലും ഉരുമ്മി കടന്നു പോയി...

ഒരു ഞരക്കത്തോടെ പ്രഗത്ഭ ഹെഡ് ആൻഡ് നെക്ക് സർജൻ ഡോക്ടർ മയുരി രാജപുർക്കാരിന്റെ പതിഞ്ഞ വിളിയിൽ കണ്ണ് തുറക്കുമ്പോൾ പുതിയ ഒരു ലോകം... മുഖത്ത് എന്തൊക്കെയോ ഘടിപ്പിച്ചിട്ടുണ്ട്.. നല്ല വേദന.. എത്ര ദിവസം കടന്നു പോയി, തീയതി എത്രയാണ് ഒന്നും ഓർമയില്ല... ഇന്ന് ഓർക്കുമ്പോൾ ഫെബ്രുവരി 22 തന്റെ ജീവിതത്തിൽ ഇല്ലായിരുന്നു എന്നറിയുന്നു. ഇത് പറയുമ്പോൾ നേർത്ത ശബ്ദം വീണ്ടും നേർത്തു.. പിന്നെ ഒന്ന് കിതച്ചു.. എങ്കിലും അതിൽ ആത്മവിശ്വാസം നിറഞ്ഞു..

കഠിനമായ ദിനങ്ങളിൽ നിന്നും കുതിച്ചു പൊങ്ങാൻ തയാറെടുക്കുന്ന ഈ വനിതയാണ് വനിതാദിനം ആഘോഷിച്ച ഈ ദ്വൈവാരത്തിലെ നമ്മുടെ അതിഥി.

വിനീഷാ പഴേടത്ത്,
ഫെഡറൽ ബാങ്ക്,
വൈറ്റില ശാഖ

പാലക്കാട് സ്വദേശി മാടമ്പത്ത് കൃഷ്ണകുമാറിന്റെയും പഴേടത്ത് വനജയുടെയും രണ്ട് പെൺമക്കളിൽ ഇളയവൾ.

അച്ഛൻ പട്ടാളത്തിൽ ആയിരുന്നു. ഓർമ്മയിലുള്ളത് അച്ഛനൊപ്പം ബാംഗ്ലൂർ ഉണ്ടായിരുന്ന കാലം. അതിന് മുൻപ് ഡൽഹിയിലായിരുന്നു എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ബാംഗ്ലൂർ ലിറ്റിൽ സ്റ്റാറിൽ കിന്റർഗാർട്ടിൻ കഴിയുമ്പോഴേക്കും അച്ഛൻ ജോലി രാജി വെച്ച് സൗദിക്ക് പോയി. അമ്മയും ചേച്ചി വിനീതയും വിനീഷയും പാലക്കാട്ട് സ്ഥിരതാമസം ആയി. കോട്ടച്ചന്ത്ര സെയിന്റ് പോൾസ് സെൻട്രൽ സ്കൂളിൽ ഒന്ന് മുതൽ ഏഴ് വരെ.

മാത്തൂർ
സി എഫ് ഡി വി എച്ച് എസ് എസിൽ എട്ട് മുതൽ പത്ത് വരെ. ഭരത് മാതാ സ്കൂളിൽ പ്ലസ് വൺ,പ്ലസ് ടു.

രണ്ട് വയസ്സ് മൂത്ത ചേച്ചി വിനീതയാണ് സ്കൂൾ വിട്ടാൽ വിനീഷയുടെ കൂട്ടുകാരിയും വഴികാട്ടിയും എല്ലാം. നല്ല ഒരഭിനേത്രി ആയിരുന്നു ചേച്ചി. സ്കൂൾ കലോത്സവത്തിൽ സംസ്ഥാന തലത്തിൽ മികച്ച നടിക്കുള്ള അവാർഡ് ഒക്കെ വാങ്ങിയ ആൾ. നാടകത്തിലും മോണോ ആക്ടിലും ഒക്കെ തിളങ്ങി നിന്ന ചേച്ചി മത്സരങ്ങളിലൊക്കെ പങ്കെടുക്കാൻ തയാറാകുമ്പോൾ വിനീഷയെയും ഒരൈറ്റം പഠിപ്പിച്ചെടുക്കും. സ്കൂൾ മത്സരങ്ങളിലൊക്കെ ചേച്ചിയും അനിയത്തിയും ഒന്നും രണ്ടും സമ്മാനങ്ങൾ പങ്ക് വെയ്ക്കും.

സ്കൂൾ കാലത്ത് വിനീഷ പങ്കെടുക്കാത്ത സ്റ്റേജ് പരിപാടികൾ ഉണ്ടായിരുന്നില്ല. നൃത്തം, പദ്യം ചൊല്ലൽ, ഒപ്പന, തിരുവാതിര, സംഘനൃത്തം, മോണോ ആക്ട് എല്ലാറ്റിനും വിനീഷ ഉണ്ടാകും, നിറയെ സമ്മാനങ്ങളും വാങ്ങും.
അല്പം എഴുതാനും കൂടി താല്പര്യം കാട്ടിയിരുന്ന വിനീഷ ഇന്നും ഓർക്കുന്നുണ്ട് ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ മനോരമയുടെ പഠിപ്പുരയിൽ തന്റെ ഒരു കവിത അച്ചടിച്ചു വന്നത്.

പ്ലസ് ടുവിന് ശേഷം വിനീഷ കോയമ്പത്തൂർ ശ്രീകൃഷ്ണ കോളേജിൽ ബി ബി എമ്മിന് ചേർന്നു.
അവിടെ പഠിക്കുമ്പോഴാണ് ക്യാമ്പസ് തെരഞ്ഞെടുപ്പിലൂടെ വിനീഷ ഫെഡറൽ ബാങ്കിൽ എത്തുന്നത്.

ആദ്യ പോസ്റ്റിങ്ങ് വടകരയിലായിരുന്നു. അവിടെ നിന്നും മണ്ണാർകാട്ടേക്കും പിന്നെ ചിറ്റൂർ ശാഖയിലേക്കും. ബാങ്ക് ജീവിതത്തിനിടയിൽ അഭിനയമോഹം വീണ്ടും ശക്തമായി. പലരെയും പോലെ ടിക് ടോക്കും ഡബ്സ്മാഷും ഒക്കെ ആയിരുന്നു ആശ്രയം. ടിക് ടോക്കിൽ മുപ്പത്തിനായിരം ഫോളോവേർസുമായി കത്തി നിൽക്കുന്ന കാലത്താണ് ടിക് ടോക് നിന്ന് പോകുന്നത്.

അങ്ങനെയാണ് സിനിമാമോഹം പിടികൂടിയത്. 2019ൽ പഴേടത്ത് തറവാട്ടിൽ ഒരു ഷൂട്ടിങ് എത്തി. കുറുപ്പ് എന്ന ചിത്രത്തിന്റേത്. അതിന് വേണ്ടി ഓഡിഷൻ വിളിച്ചപ്പോൾ വിനീഷയും ഒന്ന് ശ്രമിച്ചു നോക്കി. തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഒരു പത്രപ്രവർത്തകയുടെ വേഷം, ചെറിയ രണ്ട് മൂന്ന് സംഭാഷണങ്ങളോടെ. എന്നാൽ സിനിമയിൽ വെറും ഒരു കാഴ്ചക്കാരിയെപ്പോലെ മാത്രം കണ്ടപ്പോൾ വല്ലാത്ത നിരാശ തോന്നി എന്ന് പറയുമ്പോൾ ക്ഷീണിച്ച ശബ്ദം അല്പം കൂടി പതറിയ പോലെ.

എന്നാൽ അതേ കാലത്ത് ഓഡിഷൻ കഴിഞ്ഞ "കർണൻ നെപ്പോളിയൻ"

സിനിമയിലെ മേഴ്സിയെ ക്കുറിച്ച് പറയുമ്പോൾ നഷ്ടപ്പെട്ട ആവേശം തിരിച്ചു വന്നപോലെ തോന്നി.

2020ൽ ആണ് ഫെഡറൽ ബാങ്കിൽ തന്നെ റീടൈൽ സെയിൽസ് മാനേജർ ആയ സന്തു അലോഷ്യസിന്റെ ജീവിതത്തിലേക്ക് വിനീഷ കടന്നുചെല്ലുന്നത്.
സിനിമാമോഹം വല്ലാതെ തലക്ക് പിടിച്ച സന്തു ഇപ്പോൾ ഒരു തിരക്കഥയുടെ പണിപ്പുരയിലാണ്. ഒരുപാട് സ്വപ്നം കണ്ട ഒരു തിരക്കഥ.

ആദ്യ ലോക്ക്ഡൗൺ കാലത്താണ് ബ്രാഞ്ചിലെ പ്രീതച്ചേച്ചി പറഞ്ഞ് വിനീഷ ടി ബി യിൽ അംഗമാകുന്നത്. കല്പനയുടെ ഒരു ഡബ്സ്മാഷ് ഇട്ടപ്പോൾ കിട്ടിയ പ്രോത്സാഹനവും പ്രതികരണവും തന്നെ വല്ലാതെ മോട്ടിവേറ്റ് ചെയ്തു എന്ന് വിനീഷ. പിന്നെ ധാരാളം പോസ്റ്റുകൾ. രാച്ചിയമ്മയും ഉർവശിയുടെ അനുകരണങ്ങളും ഒരുപാട് ആരാധകരെ തനിക്ക് നൽകി എന്ന് പറയുമ്പോൾ വിനീഷക്ക് വാക്കുകൾ ഇടറി.

2021 ഓഗസ്റ്റിൽ ആണ് ഇവരുടെ ജീവിതത്തിൽ പുതിയ ഒരദ്ധ്യായം എഴുതപ്പെടുന്നത്. "സിന്ദഗി"എന്ന കുരുന്ന് ജീവിതത്തിൽ നിറഞ്ഞ വെളിച്ചവുമായെത്തിയത് അന്നാണ്.
മോൾക്ക് ആറ് മാസം പ്രായമുള്ളപ്പോഴാണ് സാധാരണ പരിശോധനകൾക്കിടയിൽ ഒരു കാർമേഘം ഉരുണ്ട് കൂടിയത്. പിന്നെ വിശദമായ പരിശോധനകൾ, നിഗമനങ്ങൾ.. ഒടുവിൽ വേദനിപ്പിച്ചുകൊണ്ട് ആ വാർത്തയും.

മറ്റുള്ളവരൊക്കെ നൊമ്പരപ്പെട്ടപ്പോഴും വിനീഷ ചാഞ്ചല്യപ്പെടാതെ നിന്നു. സുഖപ്പെടുത്താവുന്ന അസുഖമാണെന്ന ചിന്തയും, ഡോക്ടറുടെ ഉറപ്പും ഉള്ളിൽ ശുഭാപ്തി വിശ്വാസം നിറച്ചിരുന്നു. എന്നാൽ മാതൃത്വം ചുരത്താനുള്ള അവകാശം നിയന്ത്രിക്കപ്പെട്ടപ്പോൾ വിനീഷയുടെ ഉള്ള് പിടഞ്ഞു. എങ്കിലും എല്ലാം നല്ലതിനല്ലേ എന്ന ചിന്തക്കായിരുന്നു മുൻതൂക്കം.

ഫെബ്രുവരി 22ന് ആദ്യം സൂചിപ്പിച്ച ശസ്ത്രക്രിയ, രോഗാതുരമായ ഭാഗം സുരക്ഷിതമായി എടുത്ത് മാറ്റിയെങ്കിലും ഇടത്തെ വോക്കൽ കോർഡിന് പറ്റിയ പരിക്ക് ശബ്ദത്തെ ബാധിച്ചു.. ഇനി കഠിനമായ പരിശ്രമത്തിലൂടെ അത് വീണ്ടെടുക്കണം.

ബാങ്കിൽ "ഞാൻ താങ്കളെ സഹായിക്കട്ടെയോ?" എന്ന ബോർഡിന് പിന്നിലിരുന്ന് ഇടപാടുകാരോട് നിരന്തരം സംസാരിച്ചിരുന്ന, "മൈക്ക് വിഴുങ്ങിയ പോലെ ഇങ്ങനെ സംസാരിക്കാതെ മോളേ.." എന്ന അമ്മയുടെ ശാസന കേട്ടിരുന്ന വിനീഷക്കാണ് മൂന്ന് മാസത്തോളം മൗനവൃതം വിധിച്ചിരിക്കുന്നത്.

വിനീഷ തോൽക്കാൻ തയ്യാറല്ല. ഇനിയും ഒരുപാട് ചെയ്യാനുണ്ട്, സിനിമ എന്ന സ്വപ്നത്തിന് പിന്നാലെ പായണം, സ്കോട്ട്ലൻഡിലുള്ള വിനീതയും കുടുംബവും, അച്ഛനും അമ്മയും സന്തുവും സിന്ദഗിയും ഒക്കെ കാത്തിരിക്കുന്ന നിമിഷങ്ങളിലേക്ക് ഇറങ്ങിചെല്ലണം.

ഇതിലൊക്കെ ഉപരി തന്റെ രോഗവിവരം അറിഞ്ഞപ്പോൾ ഫോണിലൂടെയും സന്ദേശങ്ങളിലൂടെയും ആശങ്ക പങ്ക് വച്ച, ധൈര്യം പകർന്ന, സ്നേഹം വച്ചു നീട്ടിയ ഈ കൂട്ടായ്മയിലേക്ക് കൂടുതൽ കരുത്തോടെ തിരിച്ചു വരണം, അടുത്തിടെ പഠനം തുടങ്ങിയ മോഹിനിയാട്ടവും ആയി എത്തണം, ഇതൊക്കെയാണ് വിനീഷയുടെ കനവുകൾ. അവ തെളിമയിലേക്ക് വിടർന്നിറങ്ങട്ടെ. ആശംസകളും സ്നേഹത്തിന്റെ നറുപുഷ്പങ്ങളുമായി ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മ കാത്തിരിക്കുന്നു.

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇരിങ്ങാലക്കുട ടൗൺ ശാഖ, തൃശൂർ

--------------------------------------------------------------------------------------------------

“Isn't everything alright?”

"Yes Doctor"

"How are you dear? Don't be afraid. There isn't anything to be concerned about, though it might take some time. Your life lies ahead of you, seamless, to live to its fullest alongside Santhu and zindagi.”

The doctor exhorted her to implore to God for good to happen.

Vineesha would have been amused by the chromatic sights in the air conditioned Operation Theatre in Aster Medicity, had it been another instance of time. The subtleties of movements and the flashes of aches here and there enfeebled her and the feeling of some one taking her along towards the indepths of slumber made her feel like she was drifting amid clouds which she felt, went past touching her face and body.

She felt as if in another world when she woke up to the low voice of the eminent neck surgeon Ms Mayuri Rajpurkar.

There were a few sort of things obscure to her, tied to her face and she was in tremendous pain.

As for her walks down the memory lane and reflection on those vague images today, she feels that there was no such day in her life. Her voice got falteringly human on and on. Though she gasped a bit, her words were brimming with confidence and determination.

This week we spotlight an invincible woman who is eagerly about to leap forward after having reeled under the toughest times posed by her life.

Vineesha Pazhedath,
Federal Bank,
Vytila branch

She is the youngest of the two daughters of Krishnakumar Madambath, a native of Palakkad and Vanaja Pazhedath. Her father was in the army. She remembers those days when she was in Bangalore with her father. By the time she finished her studies in Little Star kindergarten at Bangalore, her father resigned from his job and moved to Saudi Arabia and from thereon Vineesha, her mother and her sister Vineetha settled in Palakkad.

She had her schooling in St. Paul's Central School, Kottachandra from first to seventh grade and in CFDV HSS, Mathur from Eighth grade to tenth grade. She did her Plus One and Plus Two at Bharath Matha School.

Her sister Vineetha who is two years elder to her was her mentor. Vineetha won the Best Actress Award at the School Arts Festival at the State Level. She excelled in drama and mono act and used to train Vineesha so as to partake in competitions. They used to share prizes in many competitions.

There were no stage programmes that Vineesha did not participate during her school days. She marked her presence in dancing, Recitation, Oppana, Thiruvathira, group dance, mono act and used to secure lots of prizes. Vineesha, who had a flair for writing still remembers publishing her poem in Manorama's ‘Padippura’ when she was in ninth grade.

After completing her Plus Two, Vineesha joined Sreekrishna College, Coimbatore for pursuing BBM. While studying there, she joined the Federal Bank through a campus selection.

Her first posting was at Vadakara from where she got transferred to Mannarkkad and then to Chittoor branch. During her career as a banker, her passion for acting grew ardent. TikTok and Dubsmash came to her rescue. By that time she had 30000 followers, to her dismay, Tik Tok got banned.

When her home Pazhedath became a venue of shooting of the film ‘Kurup’, she was called for audition and she decided to give it a try. She was chosen to play the role of a journalist and had only two or three short conversations which disappointed her back then. Vineesha regained her vigour when she talked about the audition which she attended for the role, Mercy in in the movie "Karnan Napoleon",

Vineesha embarked on a new journey of life with Santhu Aloysius, a retail sales manager at

Federal Bank in the year 2020. Santhu, who has a passion for cinema, is currently working on a screenplay which he has been dreaming of materializing for long.

Ms Preethi, Vineesha's colleague introduced her to Talented Bankers group during the first lockdown. Vineesha recounts the resounding response which she got when she uploaded a dubsmash of Kalpana. Vineesha's voice shattered when she exuberantly shared that imitating Rachiyamma and Urvashi gave her a plethora of fans.

A new chapter in her life was written in August 2021 when their child "Zindagi" came to their life. When the child was six months old, a black cloud shadowed her life in between routine health check ups. A painful news was awaiting her. However Vineesha did not give in, when everyone else was upset. The thought that she had a curable disease and the confidence instilled by her doctor filled her with enthusiasm. But it was a bit unbearable for her when she took cognizance that her motherhood would be at stake. But she taught herself to think that everything was for good.

The diseased part was removed safely through a surgery which she underwent on February 22(the particulars of which have been detailed above), but the injury to the left vocal cord affected her voice. Vineesha is determined to regain her voice. Vineesha,who used to talk constantly to customers devoid of any breaks in between, which made her mother reprimand her saying not to talk as if she had swallowed a mic, had to remain silent for three months.

Vineesha is unwilling to give up. She feels that there is still a lot more to do. She would like to pursue her dreams of cinema and wants to spend memorable moments with Vineetha and her family in Scotland, her father, mother, Santu and Zindagi in the days to come.

Vineesha wants to make a strong come back to the Talented Bankers Group whose members showered their love and care over phone and text messages when she encountered with the toughest times in her life once her illness got diagnosed. Also she wants to showcase her talents in Mohiniyattam. Let all her dreams spread out into the limelight. Talented Bankers Community yearningly awaits, with greetings and flowers of love.